"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ, കോട്ടയം ജില്ലകളിലെ ആശ്വാസ് വാടക വീട് പദ്ധതി- തുക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.51/2025/HSG തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:-

1. സ. ഉ. (സാധാ) നം. 39/2019/HSG തീയതി 26.09.2019
2. സ. ഉ.(സാധാ) നം. 32/2020/HSG തീയതി 14.09.2020
3. സ. ഉ. (സാധാ) നം. 29/2021/HSG തീയതി 26.06.2021
4. സ.ഉ.(സാധാ) നം.61/2022/HSG തീയതി 10.06.2022.
5. സ. ഉ. (സാധാ) നം. 16/2025/HSG തീയതി 26.06.2025
6. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 18.10.2025-ലെ KSHB-HO/175/2025-AF1 നം. കത്ത്.
7. സ. ഉ. (സാധാ) നം. 9634/2025/ധന തീയതി 01.12.2025

**ഉത്തരവ്**

പരാമർശം (1)- (4) പ്രകാരം ആലപ്പുഴ , തൃശ്ശൂർ , കണ്ണൂർ, കോട്ടയം മെഡിക്കൽ കോളേജുകൾക്ക് സമീപം യഥാക്രമം 5 കോടി രൂപയും, 4 കോടി രൂപയും, 6 കോടി രൂപയും, 8 കോടി രൂപയും ചെലവഴിച്ച് ആശ്വാസ് വാടക വീട് പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2019, 2020, 2021, 2022 എന്നീ വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(2) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ ആശ്വാസ് വാടക വീട് പദ്ധതികൾക്ക് പരാമർശം (5) പ്രകാരം അനുവദിച്ചിരുന്ന 466 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ച് ആയതിന്റെ സാക്ഷ്യപത്രം സമർപ്പിക്കുകയും ആലപ്പുഴ , തൃശ്ശൂർ , കണ്ണൂർ, കോട്ടയം ജില്ലകളിലെ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന ബിൽ തുകകൾ നൽകുവാൻ ഉണ്ടെന്ന് പരാമർശം (6) പ്രകാരം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അറിയിക്കുകയും ആയതിലേയ്ക്കായി ആകെ ₹1,99,89,522/- രൂപ റിലീസ് ചെയ്ത് നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

| ജില്ല | തുക |
|---|---|
| ആലപ്പുഴ | 93,24,909/- |
| തൃശ്ശൂർ | 11,48,971/- |
| കണ്ണൂർ | 92,33,622/- |
| കോട്ടയം | 2,82,020/- |
| **ആകെ** | **1,99,89,522/-** |

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ, കോട്ടയം ജില്ലകളിലെ ആശ്വാസ് വാടക വീട് പദ്ധതിയ്ക്കായി 4216-80-201-97 എന്ന ശീർഷകത്തിൽ പരാമർശം (7) പ്രകാരം വകയിരുത്തിയ തുകയിൽ, ₹1,99,89,522/- (ഒരു കോടി തൊണ്ണൂറ്റിയൊമ്പത് ലക്ഷത്തി എൺപത്തിയൊമ്പതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) താഴെപ്പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 16.04.2018-ലെ സ. ഉ. (പി) നം. 62/2018/ധന യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.
2. 09.12.2008-ലെ സർക്കുലർ നം. 84/2008/ധനയും 30.01.2018-ലെ സർക്കുലർ നം. 08/2018/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.
4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), തിരുവനന്തപുരം
3. ആസൂത്ര സാമ്പത്തിക കാര്യ വകുപ്പ്
4. ധനകാര്യ (പി.യു.സി) വകുപ്പ് (ഫയൽ നം. PU-C3/9/2025-FIN)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Krishnakumar S

സെക്ഷൻ ഓഫീസർ

Date: 18-12-2025 10:43:06